REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 04-07-2026 **സമയം** 12.30 PM

---

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്ര മോദി രാജസ്ഥാനിലെ ജോധ്പൂർ വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ കെട്ടിടം നാടിന് സമർപ്പിച്ചു.
- പ്രധാനമന്ത്രി തിങ്കളാഴ്ച മുതൽ ഇന്തോനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലാൻഡ് എന്നീ രാജ്യങ്ങളിൽ ആറ് ദിവസത്തെ ഔദ്യോഗിക സന്ദർശനം നടത്തും.
- സംസ്ഥാനത്ത് മഴക്കാല രോഗ പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നതായി മന്ത്രി K. മുരളീധരൻ.
- സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. 11 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.
- ഫിഫ ലോകകപ്പ് ഫുട്ബോൾ ആദ്യ പ്രിക്വാർട്ടറിൽ രാത്രി പത്തരയ്ക്ക് മൊറോക്കോ - കാനഡയെ നേരിടും.

## വാർത്തകൾ വിശദമായി

രാജസ്ഥാനിലെ ജോധ്പൂർ വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ കെട്ടിടം പ്രധാനമന്ത്രി നരേന്ദ്ര മോദി നാടിന് സമർപ്പിച്ചു. 480 കോടി രൂപ ചെലവിലാണ് 23,000 ചതുരശ്ര മീറ്ററിലധികം വിസ്തൃതിയുള്ള പുതിയ ടെർമിനൽ കെട്ടിടം പൂർത്തീകരിച്ചത്. മേഖലയിലെ വിനോദസഞ്ചാരം, വ്യാപാരം, തൊഴിലവസരങ്ങൾ എന്നിവയ്ക്ക് ടെർമിനൽ ഉത്തേജനം നൽകും. ജോധ്പൂരിൽ മോഡിഫൈഡ് ഉഡാൻ പദ്ധതിയ്ക്കും പ്രധാനമന്ത്രി തുടക്കം കുറിച്ചു.

ഉച്ചകഴിഞ്ഞ്, ബലോത്രയിൽ ഒരു ലക്ഷം കോടിയിലേറെ രൂപയുടെ വികസന പദ്ധതികളുടെ സമർപ്പണവും, ഉദ്ഘാടനവും, തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിക്കും.

ബലോത്രയിലെ പച്ച്പദ്രയിൽ രാജ്യത്തെ ആദ്യ ഗ്രീൻഫീൽഡ് സംയോജിത റിഫൈനറി-കം-പെട്രോകെമിക്കൽ സമുച്ചയം മോദി രാജ്യത്തിന് സമർപ്പിക്കും. 13,000 കോടിയിലധികം രൂപ ചെലവ് വരുന്ന ജയ്പൂർ മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിനും പ്രധാനമന്ത്രി തറക്കല്ലിടും.

വൈകിട്ട് ഗുജറാത്തിലെത്തുന്ന നരേന്ദ്രമോദി, സാനന്ദിൽ 7,500 കോടി രൂപ ചെലവിൽ വികസിപ്പിച്ച സി.ജി സെമി ഔട്ട്സോഴ്സ്ഡ് സെമികണ്ടക്ടർ അസംബ്ലി ആൻഡ് ടെസ്റ്റ് ഉദ്ഘാടനം ചെയ്യും.

✪✪✪

സ്വാമി വിവേകാനന്ദന്റെ ചരമവാർഷിക ദിനമായ ഇന്ന് ഉപരാഷ്ട്രപതി C.P രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്ര മോദിയും അദ്ദേഹത്തിന് സ്മരണാഞ്ജലിയർപ്പിച്ചു. മഹാനായ ദേശസ്നേഹിയും, തത്വചിന്തകനും, ആത്മീയ ദർശകനുമായിരുന്നു സ്വാമി വിവേകാനന്ദനെന്ന് ഉപരാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. അദ്ദേഹത്തിന്റെ ദർശനങ്ങൾ രാഷ്ട്ര നിർമ്മാണ പ്രതിബദ്ധതയിൽ ഉറച്ചു നിൽക്കാൻ എല്ലാവർക്കും പ്രചോദനമാകുമെന്ന് ഉപരാഷ്ട്രപതി പ്രത്യാശ പ്രകടിപ്പിച്ചു.

രാജ്യത്തിന്റെ സംസ്കാരത്തിനും, ആത്മീയതയ്ക്കും, ദേശീയബോധത്തിനും ആഗോള അംഗീകാരം നൽകുന്നതിൽ സ്വാമി വിവേകാനന്ദൻ നൽകിയ സംഭാവനകൾ സമാനതകളില്ലാത്തതാണെന്ന് പ്രധാനമന്ത്രി അനുസ്മരിച്ചു .

✪✪✪

അന്താരാഷ്ട്ര സഹകരണ ദിനത്തോടനുബന്ധിച്ച് ഉപരാഷട്രപതി CP രാധാകൃഷ്ണനും, കേന്ദ്ര സഹകരണ മന്ത്രി അമിത് ഷായും സഹകാരികൾക്ക് ആശംസകൾ നേർന്നു. സഹകരണ സ്ഥാപനങ്ങൾ കർഷകരെയും സ്ത്രീകളെയും ചെറുകിട സംരംഭകരെയും ശാക്തീകരിക്കുന്നതിലും, ശക്തിപ്പെടുത്തുന്നതിലും പങ്കുവഹിക്കുന്നതായി ഉപരാഷ്ട്രപതി സാമൂഹ്യമാധ്യമത്തിൽ പറഞ്ഞു.

ഇന്ത്യയുടെ സംസ്കാരത്തിന്റെയും കൂട്ടായ ശക്തിയുടെയും സ്വാശ്രയത്വത്തിന്റെയും അടിത്തറ സഹകരണ മേഖലയാണെന്ന് അമിത് ഷാ സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

✪✪✪

പെറു പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട കെയ്ക്കോ ഫുചിമോറിയെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. പെറുവുമായി അടുത്ത സൗഹൃദത്തിന് ഇന്ത്യ വലിയ പ്രാധാന്യം നൽകുന്നുണ്ടെന്നും വിവിധ

മേഖലകളിൽ ഇരുരാജ്യങ്ങളും തമ്മിലെ ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിൽ പ്രതിജ്ഞാബദ്ധമാണെന്നും മോദി സാമൂഹിക മാധ്യമത്തിൽ അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി തിങ്കളാഴ്ച മുതൽ ഇന്തോനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലാൻഡ് എന്നീ രാജ്യങ്ങളിൽ ആറ് ദിവസത്തെ ഔദ്യോഗിക സന്ദർശനം നടത്തും. ഈ മാസം 6 മുതൽ 8 വരെ ഇന്തോനേഷ്യ സന്ദർശിക്കുന്ന മോദി, സമുദ്ര സുരക്ഷാ സഹകരണം ചർച്ച ചെയ്യും. തുടർന്ന് ഓസ്ട്രേലിയയിലെ മെൽബണിൽ, ഇരുരാജ്യങ്ങളും തമ്മിലെ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കും. സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ ഈ മാസം 10, 11 തീയതികളിൽ പ്രധാനമന്ത്രി ന്യൂസിലാൻഡിലെത്തും.

✪✪✪

ഇന്ത്യയും ഇസ്രയേലും തമ്മിലെ ഉഭയകക്ഷി നിക്ഷേപ കരാർ ഇന്ന് പ്രാബല്യത്തിൽ വന്നു. കഴിഞ്ഞ വർഷം സെപ്റ്റംബറിൽ ന്യൂഡൽഹിയിലാണ് കരാർ ഒപ്പിട്ടത്. ഉഭയകക്ഷി സാമ്പത്തിക ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും, സുരക്ഷിത നിക്ഷേപ അന്തരീക്ഷം ഉറപ്പാക്കുന്നതിനും സുപ്രധാന ചുവടുവെപ്പാണ് കരാറെന്ന് ധനകാര്യമന്ത്രാലയം ന്യൂഡൽഹിയിൽ അറിയിച്ചു. ഇന്ത്യയും, ഇസ്രയേലും തമ്മിലെ സാമ്പത്തിക പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കുന്നതിന് കരാർ സംഭാവന ചെയ്യുമെന്ന് മന്ത്രാലയം അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് മഴക്കാല രോഗ പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നതായി മന്ത്രി K. മുരളീധരൻ കോഴിക്കോട്ട് പറഞ്ഞു.

ആശങ്കപ്പെടേണ്ട രോഗാവസ്ഥ ഇല്ല. ഫെബ്രുവരി മുതൽ നടത്തേണ്ട മഴക്കാല പൂർവ ശുചീകരണം നടത്തിയില്ലെന്നും അതിനാൽ പുതിയ ഭരണം വന്നപ്പോഴേക്കും പകർച്ചവ്യാധി വ്യാപിച്ചതായും മന്ത്രി പറഞ്ഞു. എല്ലാവരുടെയും ഇടപെടലിൽ പകർച്ചവ്യാധി നിയന്ത്രിക്കാനായതായും അദ്ദേഹം അറിയിച്ചു.

✪✪✪

കൊല്ലം അച്ചൻകോവിലിലെ ആദിവാസി കുടുംബം നേരിടുന്ന ദുരിതത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുമെന്ന് മന്ത്രി K.A തുളസി അറിയിച്ചു. അടിയന്തര റിപ്പോർട്ട് സമർപ്പിക്കാൻ മന്ത്രി വകുപ്പിന് നിർദേശം നൽകി. കുടുംബത്തിന്റെ ദയനീയ അവസ്ഥ വിലയിരുത്തിയ ശേഷമാണ് നടപടി.

മേഖലയിലെ ആദിവാസി കുടുംബത്തിന്റെ ദാരിദ്ര്യവും കുട്ടികളുടെ മോശം അവസ്ഥയും യഥാസമയം റിപ്പോർട്ട് ചെയ്യാതിരുന്ന ST പ്രൊമോട്ടറെ സ്ഥാനത്തുനിന്ന് നീക്കി. കുടുംബത്തിന് അടിയന്തരമായി ഭക്ഷണക്കിറ്റുകൾ എത്തിക്കാനും മന്ത്രി നിർദ്ദേശം നൽകി.

✪✪✪

വിഴിഞ്ഞം തുറമുഖത്തിന്റെ ഓഹരി കൈമാറ്റ നീക്കത്തിനെതിരെ പ്രതിപക്ഷം നിയമപരമായും രാഷ്ട്രീയപരമായും മുന്നോട്ടുപോകുമെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ കണ്ണൂരിൽ പറഞ്ഞു.

അദാനിയുടെ വക്താവായി മാറുന്നത് ഉപേക്ഷിച്ച്, സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കാൻ അടിയന്തര നടപടികളിലേക്ക് സംസ്ഥാന ഗവണ്മെന്റ് കടക്കണമെന്നും പിണറായി വിജയൻ പറഞ്ഞു.ഈ വിഷയത്തിൽ അടിയന്തര ജാഗ്രത പാലിക്കാൻ ഗവണ്മെന്റിന് സാധിക്കുന്നില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

✪✪✪

പാർലമെന്റ് മൺസൂൺ സമ്മേളനത്തിന് മുന്നോടിയായി സംസ്ഥാനത്തെ MP-മാരുടെ സമ്മേളനം വ്യാഴാഴ്ച തിരുവനന്തപുരത്ത് ചേരും. സംസ്ഥാനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും, പാർലമെന്റിൽ ഉന്നയിക്കേണ്ട കാര്യങ്ങളും സമ്മേളനത്തിൽ ചർച്ച ചെയ്യും.

✪✪✪

സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകൾ ഒഴികെ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

കേരള ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റടിക്കാൻ സാധ്യതയുള്ളതിനാൽ മീൻപിടുത്തക്കാർ കടലിൽ പോവരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

നെല്ലിയാമ്പതി ചുരത്തിൽ രാത്രികാല ഗതാഗതത്തിനും വിനോദസഞ്ചാരത്തിനും പാലക്കാട് ജില്ലാ കലക്ടർ കർശന നിയന്ത്രണം ഏർപ്പെടുത്തി. മഴ കനക്കുമ്പോൾ നെല്ലിയാമ്പതി ചുരം റോഡിൽ കനത്ത പാറവീഴ്ചയ്ക്കും മണ്ണിടിച്ചിലിനും സാധ്യത നിലനിൽക്കുന്നതിനാലാണ് ഉത്തരവ്.

✪✪✪

കണ്ണൂർ ജില്ലയിൽ തുടർച്ചയായി പെയ്യുന്ന കനത്ത മഴ ജനജീവിതത്തെ സാരമായി ബാധിച്ചു. താഴ്ന്ന പ്രദേശങ്ങളിൽ പലയിടത്തും വെള്ളക്കെട്ട് രൂപപ്പെട്ടിട്ടുണ്ട്. മരം വീണ് എട്ടു വീടുകൾ ഭാഗികമായി തകർന്നു.

✪✪✪

സബ്സിഡിയോടുകൂടിയ രാസവളങ്ങളുടെ വിതരണം കൂടുതൽ സുതാര്യവും കാര്യക്ഷമവും കർഷക സൗഹൃദവുമാക്കുന്നതിന് കേന്ദ്ര ഗവണ്മെന്റിന്റെ ഫ്രെയിംവർക്ക് ഫോർ ഫെർട്ടിലൈസർ സെയിൽ ഡിജിറ്റൽ സംവിധാനത്തിന് പാലക്കാട്ട് തുടക്കമായി.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്.

.......(വോയ്സ്)..................

✪✪✪

ലോകകപ്പ് ഫുട്ബോൾ ആദ്യ പ്രിക്വാർട്ടറിൽ രാത്രി 10.30ന് മൊറോക്കോ - കാനഡയെ നേരിടും. നാളെ പുലർച്ചെ 2-30 ന് പരാഗ്വെ , ഫ്രാൻസുമായി ഏറ്റുമുട്ടും.

ഇന്ന് പുലർച്ചെ നടന്ന മത്സരത്തിൽ കാബോ വെർദെയെ രണ്ടിനെതിരെ മൂന്ന് ഗോളുകൾക്ക് തോൽപ്പിച്ച് അർജ്ജന്റീന പ്രീക്വാർട്ടറിൽ പ്രവേശിച്ചു.

രാവിലെ നടന്ന മത്സരത്തിൽ മറുപടിയില്ലാത്ത ഒരു ഗോളിന് ഘാനയെ പരാജയപ്പെടുത്തി കൊളംബിയയും പ്രീ ക്വാർട്ടറിൽ പ്രവേശിച്ചു.

✪✪✪

ഇന്ത്യ-ഇംഗ്ലണ്ട് രണ്ടാം ട്വന്റി-20 ക്രിക്കറ്റിലെ രണ്ടാം മത്സരം ഇന്ന്. രാത്രി ഏഴിന് മാഞ്ചസ്റ്ററിലാണ് മത്സരം. ഒന്നാം മത്സരം മഴമൂലം ഉപേക്ഷിച്ചിരുന്നു.

✪✪✪

വിംബിൾഡൺ പുരുഷ സിംഗിൾസ് ടെന്നീസിൽ, ഏഴു തവണ ചാമ്പ്യനായ നോവാക് ജോക്കോവിച്ച് ഫ്രാൻസിന്റെ ആർതർ റിൻഡർനെക്കിനെ തോൽപ്പിച്ച് പ്രി- ക്വാർട്ടറിൽ പ്രവേശിച്ചു.ഇതോടെ ഏറ്റവും കൂടുതൽ മത്സരങ്ങൾ ജയിച്ച താരമെന്ന റോജർ ഫെഡററുടെ റെക്കോർഡിനൊപ്പം എത്തി ജോക്കോവിച്ച്.

✪✪✪

ക്യാൻസർ രോഗത്തിന് കാരണമാകുന്ന ഹ്യൂമൻ പാപ്പിലോമ വൈറസിനെതിരെ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ തിരുവനന്തപുരം ബ്രാഞ്ച് സംഘടിപ്പിക്കുന്ന വാക്സിനേഷൻ ക്യാമ്പ് നാളെ രാവിലെ 9 മുതൽ ഉച്ചക്ക് 2 വരെ തിരുവനന്തപുരം IMA ഹാളിൽ നടക്കും. ക്യാമ്പിൽ 9 വയസ്സ് മുതൽ പ്രായക്കാരായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കുറഞ്ഞ നിരക്കിൽ അർബുദ പ്രതിരോധ വാക്സിൻ ലഭ്യമാക്കും.

✪✪✪

മൂന്നാറിലെ വനമേഖലകളിൽ സ്വാഭാവിക പുൽമേടുകൾ തിരിച്ചുപിടിക്കാനുള്ള വനംവകുപ്പിന്റെ പദ്ധതി വിജയകരമായി പുരോഗമിക്കുന്നു. കേന്ദ്ര ഗവണ്മെന്റിന്റെയും നബാർഡിന്റെയും ധനസഹായത്തോടെ അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്താണ് ഹരിത പദ്ധതി നടപ്പാക്കുന്നത്. വന്യജീവികൾ ജനവാസ മേഖലകളിലേക്ക് ഇറങ്ങുന്നത് തടയാൻ ഈ പ്രവർത്തനം സഹായകരമാകുമെന്നാണ് വിലയിരുത്തൽ.

✪✪✪

സംസ്ഥാനത്ത് സെൻസസിന്റെ ഭാഗമായി വീടുകളിൽ എത്തി വിവര ശേഖരണം പുരോഗമിക്കുന്നു. ഈ മാസം 30 വരെയാണ് സെൻസസിന്റെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ നടക്കുക. വീടുകളുടെ സെൻസസും, പട്ടിക തയ്യാറാക്കലും ഈ ഘട്ടത്തിൽ നടക്കും.

✪✪✪

പ്രസിദ്ധ കാഥികൻ പ്രൊഫ വി. സാംബശിവന്റെ 97-ാം ജന്മദിന ആഘോഷം ഇന്ന് പത്തനംതിട്ട ശ്രീ ചിത്തിരതിരുനാൾ മുൻസിപ്പൽ ടൗൺ ഹാളിൽ നടത്തും. വൈകിട്ട് മന്ത്രി പി. സി. വിഷ്ണുനാഥ് പരിപാടി ഉദ്ഘാടനം ചെയ്യും.

✪✪✪

സ്വർണവിലയിൽ നേരിയ ഇടിവ്. പവന് 200 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 7,600 രൂപയായി. ഗ്രാമിന് 25 രൂപ കുറഞ്ഞ് 13,450 രൂപയാണ് ഇന്നത്തെ വില.

✪✪✪

കോഴിക്കോട് പുതിയ പാലത്തിന് സമീപം ഓടി കൊണ്ടിരുന്ന ബൈക്കിന് തീപിടിച്ച് പൂർണ്ണമായി കത്തി നശിച്ചു. ആളപായമില്ല. മീഞ്ചന്ത ഫയർ ഫോഴ്സ് എത്തി തീ അണച്ചു. ഇന്നലെ രാത്രിയാണ് സംഭവം.

✪✪✪

തൃശൂർ നെടുപുഴയിൽ കോൾപാടത്ത് മിനി ബോട്ട് മുങ്ങി കാണാതായ രണ്ടുപേരുടെയും മൃതദേഹം കണ്ടെത്തി. നെടുപുഴ സ്വദേശിയും,ഇയാളുടെ സുഹൃത്തുമാണ് മരിച്ചത്.

നെടുപുഴ മല്ലിത്തറ കടവിൽ ഇന്നലെ രാത്രി എട്ടോടെയായിരുന്നു സംഭവം.

✪✪✪

**വയനാട് ചൂരൽ മല ദുരന്ത ബാധിതന് കേരള റെക്കഗ്നൈസ്ഡ് സ്കൂൾ മാനേജമെന്റ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി നിർമ്മിച്ചു നൽകിയ 'സ്നേഹ ഭവന'ത്തിന്റെ താക്കോൽ മുഖ്യമന്ത്രി VD സതീശൻ കുടുംബത്തിന് കൈമാറി. തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ ഓഫീസിൽ ആയിരുന്നു ചടങ്ങ്.**

**സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂൾ മുഖാന്തിരം സമാഹരിച്ച തുക ഉപയോഗിച്ച് ചൂരൽ മലയിലെ ശശിധരനാണ് അസോസിയേഷൻ വീട് നിർമ്മിച്ച് നൽകിയത്.**

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: നിഷിത കുമാരി*
*News Team: AV ഫർദിസ്, രാജേഷ് തായാട്ട്*
*DEO: ഷീബ*